LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഐ.ഡി. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അടച്ചുപൂട്ടപ്പെടുന്ന സ്ഥാപനങ്ങളുടെ ഉടമകളെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അധികാരം ഇപ്പോഴുണ്ട്. തൊഴിലാളി തൊഴിലുടമ ബന്ധം ഉറപ്പിക്കുന്നതിനുള്ള പല ഏർപ്പാടുകളും നമ്മുടെ സംസ്ഥാനത്തുണ്ട്. വ്യവസായ ബന്ധ സമിതി ഉണ്ട്, മിനിമം വേജസ് അഡ്വൈസറി ബോർഡ് ഉണ്ട്. ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാനും തീരുമാനമെടുക്കാനും. അങ്ങനെ വ്യവസായ ബന്ധ സമിതി തന്നെ തൊഴിലാളികളുടെയും തൊഴിൽ ഉടമകളുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ..... ഇതിനൊക്കെ അപ്പുറത്ത്. ഇപ്പോൾ തൊഴിൽ നയമുണ്ടാക്കാൻ ഈ ഗവണ്മെന്റ് ഉദ്ദേശിക്കുന്നു. തൊഴിൽ നയത്തെ സംബന്ധിച്ച് ഇപ്പോൾ വിവിധ ട്രേഡ് യൂണിയനുകളുമായിട്ട് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ കരട് ആയിക്കഴിഞ്ഞു. ആ കരട് പരിശോധനയ്ക്കുശേഷം എല്ലാവരുടെയും അംഗീകാരത്തോടുകൂടി തൊഴിൽ നയം പ്രഖ്യാപിക്കുന്നതാണ്.

ശ്രീ. എളമരം കരീം : വ്യവസായമേഖലയിലെ അനാരോഗ്യകരമായ തൊഴിൽ ബന്ധത്തിന്റെ ഒരു പ്രധാന കാരണം ട്രേഡ് യൂണിയനുകളുടെ ബാഹുല്യമാണ്. ഈ ട്രേഡ് യൂണിയനുകൾ തമ്മിൽ അനാവശ്യവും അനാരോഗ്യവുമായ സമരങ്ങൾ കാരണം വ്യവസായത്തെ തന്നെ കുഴപ്പത്തിലാക്കുന്ന നിരവധി അനുഭവങ്ങളുണ്ട്. അത് തടയുന്നതിന് നിലവിലുള്ള ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡുമായിട്ട് ചർച്ച ചെയ്ത് സമഗ്രമായ ഒരു നിയമം അടിയന്തിരമായി കൊണ്ടുവരാൻ ഗവണ്മെന്റ് തയ്യാറാവുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ട്രേഡ് യൂണിയനുകളുടെ ബാഹുല്യത്തെ തടയുന്നതിന് ഗവണ്മെന്റ് ശ്രമിക്കുന്നുണ്ട്. അതിന്റെ രജിസ്ട്രേഷൻ എങ്ങനെ വേണമെന്ന് ആലോചിച്ച് തീരുമാനിക്കുന്നതാണ്.

5 (*459) പായൽ, കുളവാഴ എന്നിവമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിലെ പായൽ, കുളവാഴ എന്നിവമൂലമുള്ള പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ജലാശയങ്ങളിലെ പായൽ, കുളവാഴ എന്നിവയുടെ ആധിക്യം പൊതുജനാരോഗ്യവും, മൽസ്യസമ്പത്ത്, ടൂറിസം എന്നിങ്ങനെ പല മേഖലകളേയും പ്രതികൂലമായി ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആഫ്രിക്കൻ പായൽ, കുളവാഴ എന്നിവയുടെ ഭീഷണിയെ നേരിടാനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു ഏജൻസിയെ ചുമതലപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുമോ എന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്തെ ജലാശയങ്ങളിലെയും ജലപാതകളിലെയും ആഫ്രിക്കൻ പായലും കുളവാഴയും നീക്കം ചെയ്യേണ്ടത് ആവശ്യമാണെന്ന്

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടിയതിനുശേഷം വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കൺവീനറായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആഫ്രിക്കൻ പായലും കുളവാഴയും നീക്കം ചെയ്യുന്ന പ്രവർത്തിക്കുവേണ്ടി ആദ്യഘട്ടത്തിൽ ഏകദേശം 62 ലക്ഷം രൂപ ചെലവ് വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ച് ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ.എം. മാണി : ഈ പദ്ധതി നടപ്പിലാക്കുമെന്ന് പറയുന്നത് ഫേം അല്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പാക്കുന്നതാണ്. അതിലേയ്ക്ക് 65 ലക്ഷം രൂപ മാത്രമാണുള്ളത്. കുട്ടനാടൻ പ്രദേശത്ത് ഇത് വലിയ ഭീഷണിയാണ്. അതുകൊണ്ട് ഈ തുക മുടക്കിക്കൊണ്ട് ഈ പരിപാടി നടപ്പിലാക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ, അതിലേയ്ക്ക് ആവശ്യമുള്ള തുക മാറ്റിവച്ച് കുളവാഴ നീക്കം ചെയ്യാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഫണ്ടിന്റെ കുറവുള്ളതുകൊണ്ട് പഞ്ചായത്തുകൾ തുക അലോട്ടു ചെയ്യും. അത് ജലസേചന വകുപ്പുമാത്രം വിചാരിച്ചാൽ നടപ്പിലാക്കാൻ കഴിയുന്ന കാര്യമല്ല. ഞങ്ങൾ പരിശോധിച്ചപ്പോൾ ബോദ്ധ്യമുള്ള കാര്യമാണ്. ഇത് ജനങ്ങളുടെ കൂടി സഹകരണത്തോടു കൂടി മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ജനകീയാസൂത്രണപദ്ധതി നടപ്പിലാക്കാൻ തുക അലോട്ടു ചെയ്യുമ്പോൾ ഇതിനുകൂടി തുക അലോട്ടു ചെയ്യണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ.എം. മാണി : ജനകീയാസൂത്രണത്തിൽപ്പെടുത്തുന്നത് നല്ലതാണ്. ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ ആ പ്രദേശംമുഴുവൻ ഏകോപിപ്പിച്ചുകൊണ്ട് ചെയ്യണം. അതിലേയ്ക്ക് പഞ്ചായത്തുകൾക്കു സപ്ലിമെന്റ് ചെയ്യാൻ ആവശ്യമാണെങ്കിൽ സ്പെഷ്യൽ ഫണ്ട് കൊടുത്തു കൊണ്ട് പഞ്ചായത്തുകളെ ഏകോപിപ്പിച്ചു കൊണ്ട് ഇത് നടപ്പിലാക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സ്പെഷ്യൽ ഫണ്ട് കൊടുക്കണമെന്നാണ് ശുപാർശ ചെയ്തിരിക്കുന്നത്.

ശ്രീ. സി.എഫ്. തോമസ് : ഗവണ്മെന്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇതിനാവശ്യമായ ഫണ്ട് സ്പെഷ്യലായിട്ട് കൊടുക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സാധാരണ അലോട്ട് ചെയ്യുന്ന ഫണ്ട് അങ്ങനെ കൊടുക്കണമെന്നാണ് അവരോട് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. സി.എഫ്. തോമസ് : ഏത് ഡിപ്പാർട്ടുമെന്റിനോടാണ് അങ്ങനെ അലോട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : പഞ്ചായത്ത് ഭരണത്തിന്-ത്രിതല പഞ്ചായത്തിന് പണം കൊടുക്കുന്ന ആളുകളോട് തന്നെയാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ശ്രീ. സി.എഫ്. തോമസ് : ഇങ്ങനെ പണം അലോട്ട് ചെയ്തിട്ടുണ്ടെങ്കിൽ വലിയ ഭീഷണിയായി മാറിയിരിക്കുന്ന ആഫ്രിക്കൻ പായൽ, കുളവാഴ എന്നിവയെ ഉടൻ തന്നെ നീക്കം ചെയ്യുന്നതിനുള്ള നടപടി ഉണ്ടാകുമെന്ന് ഗവണ്മെന്റ് ഉറപ്പുവരുത്തുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇത് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ വന്ന ഒരു പുതിയ പ്രതിഭാസമല്ലല്ലോ. എത്രയോ കാലമായി സ്ഥിരമായി ശല്യമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുവരെ ഒരു ഗവണ്മെന്റും ഒരു കാര്യവും ചെയ്തിട്ടില്ല. ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, അത് എങ്ങനെ ഒഴിവാക്കാമെന്നതിനെപ്പറ്റി ഒരു സമ്മേളനം വിളിച്ചുകൂട്ടി ചർച്ച ചെയ്യുകയുണ്ടായി. ഇതിൽ രണ്ടു വശങ്ങളുണ്ട്. (1) ചില ക്രിമികളെ ഉപയോഗിച്ച് ഇത് നശിപ്പിക്കാമെന്ന ഒരു വാദഗതിയുണ്ട്. പക്ഷേ ആ വാദഗതികളൊക്കെ പ്രായോഗികമല്ലെന്നുള്ളതുകൊണ്ട് ജനകീയാസൂത്രണം വഴി, ജനങ്ങളുടെ സഹായത്തോടുകൂടി അവിടവിടെ പ്രദേശങ്ങൾ തെരഞ്ഞെടുത്ത് ഇത് നീക്കം ചെയ്യുകയല്ലാതെ വേറെ വഴിയില്ല എന്നു കണ്ടതിനുശേഷമാണ് ഈ നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. എത്രയോ കാലമായി കുളവാഴ അവിടെ കിടക്കുന്നു. ആരും ഇതുവരെ തിരിഞ്ഞു നോക്കിയില്ലല്ലോ. ഇപ്പോൾ തിരിഞ്ഞു നോക്കാൻ ആളുണ്ടായല്ലോ.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

6 (*458) തൊഴിലുടമ - തൊഴിലാളി ബന്ധം ക്രിയാത്മകമാക്കുന്നതിന് അക്കാദമിക് പരിശീലനം

ശ്രീ. സി.എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുടമ -തൊഴിലാളി ബന്ധം ക്രിയാത്മകമാക്കുന്നതിന് അക്കാദമിക് പരിശീലനം നൽകുവാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ എന്തെല്ലാം പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജനസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :